**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 818** **10/06/2019-ൽ മറുപടിയ്ക്ക്**

**<u>വാമനപുരം നിയോജകമണ്ഡലത്തിൽ പി. കെ. കാളൻ പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഊരുകൾക്ക് പുറത്ത് വിവിധയിടങ്ങളിലായി അധിവസിക്കുന്ന പട്ടികഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പി.കെ.കാളൻ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | പി.കെ. കാളൻ പദ്ധതി ആലപ്പുഴ ജില്ലയിലും പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമ പഞ്ചായത്തിലും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 10 വീടുകളുടെ നിർമ്മാണം, 58 വീടുകളുടെ പുനരുദ്ധാരണം, 28 പുതിയ ശുചിമുറികളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കയർ കോർപ്പറേഷനും കുടുംബശ്രീയും ചേർന്ന് കയർ തടുക്ക് നിർമ്മാണ പരിശീലനവും നടത്തിയിട്ടുണ്ട്. സോഷ്യൽ സ്കിൽ പരിശീലനം, ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ, കുടുംബ സംഗമങ്ങൾ, കൾച്ചറൽ പ്രോഗ്രാമുകൾ, എല്ലാ കുട്ടികളുടെ വിദ്യാഭ്യാസവും, സാമൂഹിക വികസനവും ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ എന്നിവ നടത്തിയിട്ടുണ്ട്.<br><br>മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം 74 കുടുംബങ്ങളെയാണ് ഏറ്റെടുത്തത്. ഉപജീവന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി അപ്പാരൽ പാർക്ക്, വനവിഭവശേഖരണം, മൃഗസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്തെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല, പി.കെ.കാളൻ പദ്ധതി മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ